"ഭരണഭാഷ – മാതൃഭാഷ"
(കേരള സംസ്ഥാനം)
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം-695033, ഇ മെയിൽ: cru.dttvpm@kerala.gov.in
ഫോൺ നമ്പർ : 0471-2303856

അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം
(നിലവിൽ: സേവ്യർ എ KAS)

വിഷയം :- വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന ധന്യ.ടി, എൽ.ഡി ടൈപ്പിസ്റ്റിനെ തിരികെ വകുപ്പിൽ പ്രവേശിപ്പിച്ചും ജീവനക്കാരെ സ്ഥലംമാറ്റിയും ഉത്തരവാകുന്നു.

പരാമർശം :

1. സ.ഉ (സാധാ) 783/2025/തൊഴിൽ തീയതി 27/06/2025
2. ധന്യ.ടി, എൽ.ഡി ടൈപ്പിസ്റ്റിന്റെ 01/07/2026 ലെ അപേക്ഷ
3. കോഴിക്കോട് ഐടിഐ പ്രിൻസിപ്പാളിന്റെ 25/03/2026 ലെ ITI/CLT/98/2025-A5 നമ്പർ കത്ത്
4. ശ്രീമതി ജിഷ കെ.എം,സെലെക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് -ന്റെ 02/07/2026 ലെ അപേക്ഷ

**ഉത്തരവ് നമ്പർ: DT/290/2020-A3 തീയതി: 06-07-2026**

പരാമർശം (1) ഉത്തരവ് പ്രകാരം കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന ധന്യ.ടി, എൽ.ഡി ടൈപ്പിസ്റ്റ്, ടിയാന്റെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ലഭിക്കാത്തതിനാൽ 01/7/2026 ന് തിരികെ വകുപ്പിൽ പ്രവേശിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് തസ്തിക മാറ്റം നൽകി ഗവ.ഐ.ടി.ഐ. കളമശ്ശേരിയിൽ നിയമിക്കപ്പെട്ട ടി സ്ഥാപനത്തിലെ ശ്രീമതി രേഖ പി, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിനെ 17/03/2026 അപരാഹ്നം വിടുതൽ ചെയ്തിട്ടുണ്ടെന്നും ഇതിലൂടെ ടി സ്ഥാപനത്തിൽ ടൈപ്പിസ്റ്റ് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുള്ളതായി പരാമർശം (3) പ്രകാരം കോഴിക്കോട് ഐടിഐ പ്രിൻസിപ്പാൾ അറിയിച്ചിരുന്നു.

അന്യത്ര സേവന കാലാവധി അവസാനിച്ച ശ്രീമതി.ധന്യ.ടി, എൽ.ഡി ടൈപ്പിസ്റ്റിനെ തിരികെ വകുപ്പിൽ പ്രവേശിപ്പിക്കേണ്ടതുണ്ട്. ടിയാളുടെ DRB കാസർഗോഡ് ജില്ലയാണ്. നിലവിൽ കാസർഗോഡ് ജില്ലയിൽ ടൈപ്പിസ്റ്റിന്റെ ഒഴിവ് നിലവിലില്ല. സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് കാസർഗോഡ് ഐടിഐയിലെ സെലെക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, ശ്രീമതി ജിഷ കെ.എം പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ കൂടി പരിഗണിച്ചുകൊണ്ട് ചുവടെപറയും പ്രകാരം സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ടും ശ്രീമതി.ധന്യ.ടി, എൽ.ഡി ടൈപ്പിസ്റ്റിനെ തിരികെ വകുപ്പിൽ പ്രവേശിപ്പിച്ചുകൊണ്ടും ഉത്തരവാകുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക | നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്ഥാപനം | സ്ഥലംമാറ്റം അനുവദിച്ച് നൽകുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീമതി.ജിജിന വി.പി (PEN :703174), സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | ഐടിഐ കണ്ണൂർ | ഐടിഐ കോഴിക്കോട് |
| 2 | ശ്രീമതി.ജിഷ കെ.എം (PEN:493071) സെലെക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | ഐടിഐ കാസർഗോഡ് | ഐടിഐ കണ്ണൂർ |
| 3 | ശ്രീമതി.ധന്യ.ടി, (PEN:875481) എൽ.ഡി ടൈപ്പിസ്റ്റ് | അന്യത്ര സേവനം കഴിഞ്ഞുവന്ന ടിയാളെ, ജിഷ കെ.എം സെലെക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ സ്ഥലംമാറ്റുന്നതിലൂടെ കാസർഗോഡ് ഐടിഐയിൽ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് നിയമിക്കുന്നു. | |

ടി ജീവനക്കാർ ബന്ധപ്പെട്ട ഐടിഐ പ്രിൻസിപ്പാൾ മുൻപാകെ യഥാസമയം ജോലിയ്ക്ക് ഹാജരാകേണ്ടതാണ്.

2026 വർഷത്തെ പൊതു സ്ഥലംമാറ്റ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതിനാൽ നിലവിൽ നിയമനം നൽകിയിട്ടുള്ള സ്ഥാപനത്തിലേക്ക് അർഹരായ ജീവനക്കാരുടെ സ്ഥലമാറ്റം പരിഗണിക്കുന്ന പക്ഷം പ്രസ്തുത ജീവനക്കാർക്ക് നിലവിൽ നിയമനം നൽകിയിട്ടുള്ള സ്ഥാപനം പുനഃപരിശോധിക്കുന്നതായിരിക്കും.

ഒപ്പ്
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ് : ബന്ധപ്പെട്ട ജീവനക്കാർക്ക് (പ്രിൻസിപ്പാൾ മുഖേനെ)

പകർപ്പ് :

1.ഡി ടി യുടെ സി എ ,എ ഡി ടി യുടെ സി എ (അറിവിലേക്കായി)

2.പ്രിൻസിപ്പാൾ ഐടിഐ കാസർഗോഡ്

3.പ്രിൻസിപ്പാൾ ഐടിഐ കോഴിക്കോട്

4.പ്രിൻസിപ്പാൾ ഐടിഐ കണ്ണൂർ

5.കരുതൽ ഫയൽ (എ3)

Digitally signed by
Sunil Kumar C S
Date: 06-07-2026
12:46:05

അംഗീകാരത്തോടെ//
സീനിയർ സൂപ്രണ്ട്



2